# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 315

06.01.2014-ലെ മറുപടിക്ക്

### വിചാരണത്തടവുകാരെ ബന്ധുക്കൾ ജയിലിന് പുറത്തുവച്ച് സന്ദർശിക്കുന്നതിലെ ചട്ടലംഘനം

ചോദ്യം

ശ്രീ.എ.കെ.ബാലൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ടി.പി.ചന്ദ്രശേഖരൻ വധക്കേസിൽ കോഴിക്കോട് ജയിലിൽ കഴിയുന്ന വിചാരണത്തടവുകാരനായ ശ്രീ.പി.മോഹനൻ മാസ്റ്റർ ആശുപത്രിയിൽ പോകുന്നവഴി അദ്ദേഹത്തിന്റെ ഭാര്യ സന്ദർശിച്ചതിൽ ജയിൽ ചട്ടങ്ങളുടെ ലംഘനമുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) കേരള പ്രിസൺസ് റൂൾ 1958 ചട്ടങ്ങൾ 435 മുതൽ 451 വരെയും 750ഉം The Kerala Prisons and Correctional Services (Management) Act 2010 Section 47 പ്രകാരം ജുഡീഷ്യൽ കസ്റ്റഡിയിൽ ഉള്ള പ്രതികളെ സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി മാത്രമേ ബന്ധുക്കൾക്കോ കുടുംബാഗങ്ങൾക്കോ കാണുവാൻ ജയിൽ ചട്ടങ്ങൾ അനുവദിക്കുന്നുള്ളൂ. |
| ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര ജയിൽ വാർഡന്മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; സസ്പെൻഷനുള്ള കാരണമെന്തായിരുന്നു; | ബി) ജയിൽ വാർഡർമാരെ ആരെയും സസ്പെന്റ് ചെയ്തിട്ടില്ല. |
| സി) വിചാരണത്തടവുകാരെ ബന്ധുക്കൾക്ക് പുറത്തുവച്ച് സന്ദർശിക്കുന്നതിനോ, സംസാരിക്കുന്നതിനോ വിലക്കുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) ജുഡീഷ്യൽ കസ്റ്റഡിയിൽ ഉള്ള പ്രതികളെ (വിചാരണ തടവുകാരെ) ബന്ധുക്കൾക്ക് പുറത്തുവച്ച് സന്ദർശിക്കുന്നതിനോ സംസാരിക്കുന്നതിനോ ജയിൽ സൂപ്രണ്ടിന്റെ അനുവാദം ആവശ്യമാണ്. |
| ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; | ഡി) ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| ഇ) പ്രസ്തുത സംഭവം അന്വേഷിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആരെ; | ഇ) കോഴിക്കോട് ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിരുന്നു. |
| എഫ്) അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എഫ്) & ജി) അന്വേഷണവുമായി ബന്ധപ്പെട്ട് നടപടികൾ തുടർന്നുവരുന്നു. |
| ജി) ഈ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ